കെ.സി ജലീൽ പുളിക്കൽ

# ബന്ധുത്വം രക്ഷക്കെത്തില്ല

عَنْ أَبِي هُرَيْرَة قَالَ: قَالَ رَسُولُ اللَّهِ : يَا مَعْشَرَ قُرَيْشٍ اشْتَرُوا أَنْفُسَكُمْ، لاَ أُغْنِي عَنْكُمْ مِنَ اللَّهِ شَيْئًا، وَيَا بَنِي عَبْدِ مَنَافٍ، لاَ أُغْنِي عَنْكُمْ مِنَ اللَّهِ شَيْئًا، يَا عَبَّاسُ بْنَ عَبْدِ الْمُطَّلِبِ، لاَ أُغْنِي عَنْكَ مِنَ اللَّهِ شَيْئًا، وَيَا صَفِيَّةُ عَمَّةَ رَسُولِ اللَّهِ، لاَ أُغْنِي عَنْكِ مِنَ اللَّهِ شَيْئًا، وَيَا فَاطِمَةُ بِنْتَ مُحَمَّدٍ، سَلِينِي مَا شِئْتِ مِنْ مَالِي، لاَ أُغْنِي عَنْكِ مِنَ اللَّهِ شَيْئًا (بخاری، مسلم).

**അബൂഹുറയ്റയിൽനിന്ന് നിവേദനം: നബി (സ) പറഞ്ഞു: "ഖുറൈശീ സമൂഹമേ, (നരകാഗ്നിയിൽനിന്ന്) നിങ്ങൾ സ്വന്തത്തെ രക്ഷിക്കുക. അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കാൻ എനിക്ക് കഴിയുകയില്ല. ഹേ അബ്ദുമനാഫിന്റെ കുടുംബമേ, അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കാൻ എനിക്കൊന്നും ചെയ്യാൻ കഴിയുകയില്ല. അബ്ദുൽ മുത്ത്വലിബിന്റെ മകൻ അബ്ബാസ്, അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് താങ്കളെ രക്ഷിക്കാൻ എനിക്ക് കഴിയില്ല. അല്ലാഹുവിന്റെ ദൂതരുടെ അമ്മായി സഫിയ്യാ, അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കാൻ എനിക്ക് കഴിയില്ല. മുഹമ്മദിന്റെ മകൾ ഫാത്വിമാ, എന്റെ ധനത്തിൽനിന്ന് വേണ്ടത് നീ ചോദിച്ചോളൂ. അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് നിന്നെ രക്ഷിക്കാൻ എനിക്ക് കഴിയുകയില്ല" (ബുഖാരി, മുസ്‌ലിം).**

## ഹദീസ്

'നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നൽകുക' എന്ന ഖുർആൻ വചനം (26:214) അവതരിച്ചപ്പോഴാണ് മുഹമ്മദ് നബി (സ) തന്റെ ഈ നിസ്സഹായത അറിയിച്ചത്. ഈ വചനത്തിന്റെ ഉള്ളടക്കം സൂക്ഷ്മ പരിശോധന നടത്തിയാൽ മനുഷ്യനിർമിതമോ മനുഷ്യരുടെ കൈകടത്തലുകൾക്ക് വിധേയമായിട്ടുള്ളതോ ആയ എല്ലാ പ്രത്യയശാസ്ത്രങ്ങളിൽനിന്നും അടിസ്ഥാനപരമായിത്തന്നെ ദൈവിക വ്യവസ്ഥിതി വേറിട്ടുനിൽക്കുന്നതു കാണാം. സമ്പൂർണ നീതി, കറകളഞ്ഞ ഏകദൈവ സിദ്ധാന്തം എന്നിവയിൽ അധിഷ്ഠിതമാണ് ഈ വേറിട്ടുനിൽക്കൽ എന്നും വ്യക്തമാകും. മനുഷ്യസഹജമായ സ്വാർഥതയുടെയോ സ്വജനപക്ഷപാതിത്വത്തിന്റെയോ ലാഞ്ഛന പോലും ഇല്ലാത്ത ഈ ധീരപ്രഖ്യാപനം, ദിവ്യബോധനത്തിന്റെ അടിസ്ഥാനമില്ലാതെ എങ്ങനെ സാധ്യമാവും? ഉച്ചനീചത്വവും അനീതിയും വർഗീയതയും ബഹുദൈവത്വവും പരസ്പരബന്ധിതങ്ങളും പരസ്പരപൂരകങ്ങളുമാണ്. അതിനാൽ അവയുടെ വക്താക്കൾ ഇതിനു നേരെ ഉറഞ്ഞുതുള്ളുക സ്വാഭാവികം. പ്രവാചകൻ ഈ പ്രഖ്യാപനം നടത്തിയ ഉടനെത്തന്നെ അത് വ്യക്തമാവുകയും ചെയ്തു. പ്രവാചകന്റെ പിതൃവ്യൻ തന്നെയായ അബൂലഹബ് ചോദിച്ചു: "മുഹമ്മദേ, നിന്റെ മതത്തിൽ എനിക്കുള്ള സ്ഥാനം എന്തായിരിക്കും?" "എല്ലാവർക്കുമുള്ള സ്ഥാനം തന്നെ"-പ്രവാചകന്റെ നീതിയിലുറച്ച മറുപടി. "എനിക്കും അടിമക്കും ഒരേ സ്ഥാനം നൽകുന്ന നിന്റെ മതം തുലയട്ടെ''-അബൂലഹബ് ആക്രോശിച്ചു. അതോടെ അയാളും കുടുംബവും കൂടി പ്രവാചകനെ നിരന്തരം ശല്യപ്പെടുത്തുകയും കടുത്ത ശത്രുതയോടെ പെരുമാറുകയും ചെയ്തു. അബൂജഹ്‌ലടക്കമുള്ളവരുടെ ശത്രുതയുടെ അടിസ്ഥാനവും പ്രവാചകൻ ഉയർത്തിപ്പിടിക്കുന്ന ഏകദൈവത്വവും നീതിയും തന്നെ. ഈ രണ്ടടിസ്ഥാനങ്ങളിൽ ചെറിയ വിട്ടുവീഴ്ചയും നീക്കുപോക്കും ചെയ്യാനൊരുക്കമായാൽ ഈ എതിർപ്പും ഒറ്റപ്പെടുത്തലും ഒഴിവാക്കാമായിരുന്നു. എന്നാൽ അടിസ്ഥാനാദർശം വിട്ടുള്ള അനുരഞ്ജനമോ ജനപ്രീതി നേടലോ വേണ്ടതില്ലെന്നായിരുന്നു അല്ലാഹുവിന്റെ തീരുമാനം.

ഏകദൈവത്വത്തിന്റെ കാര്യത്തിൽ ചില വിട്ടുവീഴ്ചകൾ ചെയ്താൽ ശത്രുത വെടിഞ്ഞ് ഖുറൈശീ പ്രമുഖർ സമീപിച്ചപ്പോൾ അത്തരം ഒരു വിട്ടുവീഴ്ചക്കും സാധ്യമല്ലെന്ന് തീർത്തുപറയാനാണ് അല്ലാഹു കൽപിച്ചത് (*അൽ കാഫിറൂൻ* അധ്യായം).

നീതിയുടെ കാര്യമോ? ഒരു ജൂതന്റെ മേൽ കുറ്റം ആരോപിച്ച് മുസ്‌ലിംകളിൽപെട്ട കുറ്റവാളി രക്ഷപ്പെടാൻ ശ്രമിച്ച ഒരു സംഭവമുണ്ട്. ജൂതൻ കള്ളം പറയുകയാണെന്ന് വാദിച്ചാൽ പ്രവാചകൻ അത് അംഗീകരിക്കുമെന്നായിരുന്നു അയാൾ കണക്കുകൂട്ടിയത്. അപ്പോഴാണ് പ്രവാചകനെ കടുത്ത ശൈലിയിൽ അല്ലാഹു താക്കീതു ചെയ്യുന്നത്: "നിനക്ക് ഞാൻ ഈ ഗ്രന്ഥം അവതരിപ്പിച്ചത് ജനങ്ങൾക്കിടയിൽ സത്യം മാത്രം നോക്കി വിധി പറയാനാണ്. വഞ്ചകർക്കു വേണ്ടി പക്ഷം പിടിക്കുന്നവൻ നീ ഒരിക്കലും ആയിക്കൂടാ. നീ അല്ലാഹുവിനോട് മാപ്പിനപേക്ഷിക്കൂ.

ഒരു കൂട്ടർ കുറ്റം ചെയ്ത് എന്നിട്ടത് ഒരു നിരപരാധിയുടെ മേൽ ആരോപിക്കുക! എത്ര ഗുരുതരമായ പാതകം! എത്ര കടുത്ത വഞ്ചകരും കുറ്റവാളികളുമാണിവർ!!'' (*സൂറത്തുന്നിസാഇ*ലെ 105 മുതൽ ഏതാനും വചനങ്ങളിലെ ഉള്ളടക്കം ഇക്കാലത്ത് ഇസ്‌ലാമിക പ്രബോധനത്തിന്റെ മുഖ്യവിഷയമാകേണ്ടതാണ്).

ഇവിടെ അല്ലാഹു കടുത്ത ഭാഷയിൽ വഞ്ചകനും കുറ്റവാളിയുമെന്ന് ആവർത്തിച്ച് ആക്ഷേപിച്ചവൻ മുസ്‌ലിം, നിരപരാധി ജൂതനും! ഇതാണ് ഇസ്‌ലാമിന്റെ വിട്ടുവീഴ്ചയില്ലാത്ത നീതി. മേൽകൊടുത്ത നബിവചനത്തിന്റെ സുപ്രധാന ഉള്ളടക്കവും നീതി തന്നെയാണ്. ഒരു കളവ് കേസിൽ ശിപാർശയുമായി വന്ന പ്രമുഖ സ്വഹാബിയെ കടുത്ത ഭാഷയിൽ ആക്ഷേപിച്ചശേഷം 'അല്ലാഹുവാണ, മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് കളവ് നടത്തിയതെങ്കിൽ ഞാൻ അവളുടെ കൈ ഛേദിച്ചേനെ' എന്ന നബിവചനവും ഇതിനോട് ചേർത്തുവായിക്കാം.

ഇസ്‌ലാമിന്റെ സുപ്രധാനമായ മറ്റൊരടിസ്ഥാനം കൂടി ഈ നബിവചനം ഉൾക്കൊള്ളുന്നുണ്ട്. കുടുംബപക്ഷപാതിത്വം ഒരു നിലക്കും അംഗീകരിക്കുകയില്ല എന്നതാണത്. എല്ലാ കാലത്തും മനുഷ്യനാഗരികതക്ക് അടിത്തറയാകേണ്ട സന്ദേശമാണിത്. നമ്മുടെ സമൂഹത്തിൽ ഏതു മേഖലയിലും നാശം വിതച്ചുകൊണ്ടിരിക്കുന്ന കുടുംബപക്ഷപാതിത്വമെന്ന തിന്മയുടെ വേരറുക്കുകയാണ് ഈ നബിവചനം. ഖുറൈശികളിൽനിന്ന് ആരംഭിച്ച് ഒടുവിൽ സ്വന്തം മകൾ ഫാത്വിമയിൽ അവസാനിക്കുന്ന ഒരേ അഭിസംബോധനാ ശൈലി. ബന്ധുത്വത്തിന്റെ പേരിൽ ഒരാൾക്കും ഒരു പരിഗണനയും കിട്ടാൻ പോകുന്നില്ല. ആ നയപ്രഖ്യാപനത്തിന്റെ പൊരുൾ ഇതാണ്: ഖുറൈശികൾ മുതൽ തന്റെ സ്വന്തം മകൾ വരെ ആർക്കും പ്രവാചകനുമായുള്ള ബന്ധം കണക്കിലെടുത്ത് ഒരുവിധ ആനുകൂല്യങ്ങളോ പ്രത്യേക അവകാശങ്ങളോ ഇഹലോകത്തോ പരലോകത്തോ നൽകപ്പെടുന്നതല്ല. വചനത്തിന്റെ അവസാനത്തിൽ മകളോട് പ്രവാചകൻ 'എന്റെ ധനത്തിൽനിന്ന് നീ ഉദ്ദേശിച്ചത് ചോദിച്ചോളൂ' എന്ന് പറഞ്ഞത് അക്കാര്യം ഏറെ വ്യക്തമാക്കുന്നുണ്ട്. സാധാരണ ഒരു പിതാവിന്റെ സമ്പത്തിൽ മക്കൾക്കുള്ള അവകാശമല്ലാത്തതൊന്നും പ്രവാചകന് സ്വന്തം മകൾക്ക് പോലും ഇഹത്തിലും പരത്തിലും ലഭ്യമാക്കാനാകില്ല എന്ന് ഓർമിപ്പിക്കുകയാണ്.

കുടുംബപക്ഷപാതിത്വവും പ്രത്യേക പരിഗണനയും പൂർണമായും നിരാകരിക്കുന്ന നിരവധി സംഭവങ്ങൾ ഖുർആൻ വിവരിക്കുന്നുണ്ട്. സ്വന്തം മകൻ മുങ്ങിമരിക്കുന്നത് നേരിൽ കണ്ടുകൊണ്ടിരിക്കുന്ന നൂഹ് നബി (അ) 'നാഥാ, എന്റെ മകൻ എന്റെ കുടുംബത്തിലല്ലോ' എന്ന് ചോദിച്ചപ്പോൾ അല്ലാഹു ശക്തമായ ശൈലിയിൽ അദ്ദേഹത്തെ ഗുണദോഷിക്കുകയായിരുന്നു. 'നീ വിവരമില്ലാത്തവരിൽ പെടരുതെന്ന് നിന്നെ ഞാൻ ഉപദേശിക്കുകയാണ്' എന്നാണ് അല്ലാഹു പറഞ്ഞത്. ഉടൻ നൂഹ് നബി (അ) അല്ലാഹുവിനോട് മാപ്പിരന്നു. ആദർശത്തിനപ്പുറം മകൻ എന്ന പരിഗണനയേ ഇല്ല എന്നാണിത് കുറിക്കുന്നത്.

അതുപോലെത്തന്നെ "നൂഹിന്റെയും ലൂത്വിന്റെയും ഭാര്യമാരെ നിഷേധികൾക്ക് ഉദാഹരിക്കുകയാണ്. ഇരുവരും (ആദർശ വിഷയത്തിൽ) ഭർത്താക്കന്മാരെ വഞ്ചിച്ചു. അവർ നമ്മുടെ സച്ചരിതരായ രണ്ടു ദാസന്മാർക്ക് കീഴിലായിരുന്നു. എന്നാൽ അവരുടെ ഭർത്താക്കന്മാർ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് അവർക്ക് രക്ഷപ്പെടാൻ ഒരു നിലക്കും ഉപകരിച്ചില്ല. അവരോട് പറയപ്പെട്ടു: നരകത്തിൽ പ്രവേശിക്കുന്ന മറ്റുള്ളവരോടൊപ്പം നിങ്ങളും പ്രവേശിച്ചുകൊള്ളുക. വിശ്വാസികൾക്കായി അല്ലാഹു ഉദാഹരിക്കുന്നത് ഫറോവയുടെ ഭാര്യയെയാണ്'' (*അത്തഹ്‌രീം* 10).

നോക്കൂ, എത്ര വ്യക്തം. മക്കളെന്നോ ഭാര്യയെന്നോ കുടുംബമെന്നോ ഉള്ള യാതൊരുവിധ പരിഗണനയുമില്ലാതെ, ദൈവഭക്തിക്കപ്പുറം ആർക്കും ഒരു സവിശേഷതയുമില്ലെന്ന് ഇസ്‌ലാം അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. ഇതിനു വിരുദ്ധമായി ശത്രുക്കൾ ഇസ്‌ലാമിനെ തകർക്കാൻ നടത്തിയ ഗൂഢാലോചനയിൽനിന്നാണ് പ്രവാചകകുടുംബപക്ഷപാതിത്വത്തിന്റെ പേരിൽ കക്ഷിത്വം ഉടലെടുത്തത്. ശത്രുക്കൾ മെനഞ്ഞെടുത്തതാണ് പ്രവാചകനിലേക്കും അല്ലാഹുവിലേക്കും എത്തിപ്പെടാനുള്ള മോക്ഷത്തിന്റെ 'സിൽസില' മാർഗം. ഇത്തരം കുറുക്കുവഴികളെയെല്ലാം നിരാകരിക്കുന്നതാണ് ഈ നബിവചനം. ●